LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം

150 (4538) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വിജ്ഞാപനം കാറ്റഗറി നമ്പർ 254/2018 പ്രകാരമുള്ള യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിലെത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. കേരള സർവ്വകലാശാല - 8 ഒഴിവുകൾ
2. കണ്ണൂർ സർവ്വകലാശാല - 5 ഒഴിവുകൾ
3. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 1 ഒഴിവ്
4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - 23 ഒഴിവുകൾ
5. കാലിക്കറ്റ് സർവ്വകലാശാല - 29 ഒഴിവുകൾ
6. മഹാത്മാഗാന്ധി സർവ്വകലാശാല - 18 ഒഴിവുകൾ

പി.എസ്.സി. മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എം.ജി. യൂണിവേഴ്സിറ്റിയിലെ ഇരുപത്തിരണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 18 ഒഴിവുകൾ പി.എസ്.സി. മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച ഫയൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. സിൻഡിക്കേറ്റിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരളത്തിലെ ഏതെല്ലാം യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളാണ് ഈ ലിസ്റ്റിൽനിന്ന് നികത്തുന്നതെന്ന് അറിയിക്കാമോ?

കേരള സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ന്യൂവാൽസ്.

(ഡി) ഇനിയും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത യൂണിവേഴ്സിറ്റികൾക്ക് നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

മഹാത്മാഗാന്ധി സർവ്വകലാശാല നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് സർവ്വകലാശാലകൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിലെ ഗ്രന്ഥാലയങ്ങൾ

151 (4539) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഗ്രന്ഥാലയങ്ങളെ ഗവേഷണ പ്രേരകകേന്ദ്രങ്ങളായി വളർത്തിയെടുക്കാനും ലൈബ്രറികൾ പഠനകേന്ദ്രങ്ങളാക്കി മാറ്റിയെടുക്കാനും പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യാനും ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടികൾ ഉണ്ടാകുമോ?

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായാണ് വർത്തിക്കുന്നത്. ടി ലൈബ്രറികൾ ഓൺലൈൻ പഠന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം 2000 ലൈബ്രറികളിൽ ഓൺലൈൻ പഠനസൗകര്യം ഒരുക്കിയിരുന്നു. ഡിജിറ്റലൈസേഷന്റെ ആദ്യ പടിയായി എല്ലാ ലൈബ്രറികളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്ത പുസ്തകങ്ങൾ ഗ്രന്ഥശാലകളിൽ ലഭ്യമാക്കുന്നതിനും കെ-ഫോൺ ലൈബ്രറികളിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ടി ഗ്രന്ഥാലയങ്ങളെ ഗവേഷണപ്രേരക കേന്ദ്രങ്ങളായി മാറ്റിയെടുക്കുന്നതിനും കഴിയും.

കാലടി സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനം

152 (4540) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപന പരിചയമുള്ളവരെയും ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡ് നേടിയവരെയും മറ്റും ഒഴിവാക്കി യോഗ്യത കുറഞ്ഞവരെ കരാർ അദ്ധ്യാപകരായി നിയമിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly